"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5698/2024-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-09-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**സർക്കുലർ**

വിഷയം:- വനിത ശിശു വികസന വകുപ്പ് -2024 –ഒക്ടോബർ 2 -ഐ സി ഡി എസ് ദിനാചരണം –മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്:-

സൂചന:-

മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ 1975 ഒക്ടോബർ 2നു തുടക്കം കുറിച്ച ഐ സി ഡി എസ് പദ്ധതി ഇന്ന് 258 ഐ സി ഡി എസ് പ്രൊജക്റ്റുകളുടെ കീഴിൽ 33120 അങ്കണവാടികളിലൂടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കി വരുന്നു .മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃ ശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനുള്ള ഏറ്റവും താഴെ തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളാണ് അങ്കണവാടി കേന്ദ്രങ്ങൾ . പദ്ധതിയിലൂടെ കുഞ്ഞുങ്ങളുടെ ബൌദ്ധികവും വൈകാരികവും സാമൂഹികവും ആരോഗ്യപരവുമായ വികാസത്തിന് ഊന്നൽ നൽകിയുള്ള 6 പ്രധാന സേവനങ്ങൾ നൽകി വരുന്നു .

2024 ഒക്ടോബർ 2 ന് ഐ സി ഡി എസ് ദിനം /ഗാന്ധി ജയന്തി എന്നിവ ആചരിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് .

Anganwadi Services- ഉദ്ദേശ ലക്ഷ്യങ്ങൾ , സേവനങ്ങൾ , സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾ ,പദ്ധതികൾ മുതലായവ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി അങ്കണവാടി തലത്തിൽ ടി വിഷയത്തിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

പൊതുജനങ്ങൾക്ക് വേണ്ടി വകുപ്പ് നടത്തുന്ന PMMVY പോലുള്ള ധനസഹായ പദ്ധതികളെയും സ്കീമുകളെക്കുറിച്ചും പൊതുജനങ്ങളെ പരിചിതമാക്കണം .

ALMSC അംഗങ്ങളുടെ സഹകരണത്തോടെ അങ്കണവാടിയും പരിസരവും ശുചീകരണം, പൂർവ്വ വിദ്യാർഥി സംഗമം എന്നിവ സംഘടിപ്പിക്കേണ്ടതാണ് .

പ്രീ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി ദേശഭക്തി ഗാനങ്ങൾ ,കൗമാരക്കാരായ കുട്ടികൾക്കായി ക്വിസ്, കലാപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിക്കേണ്ടതാണ്.

പരിപാടിയിൽ ALMSC അംഗങ്ങൾ,ജനപ്രതിനിധികൾ, കൗമാരക്കാരായ കുട്ടികൾ, ആരോഗ്യ പ്രവർത്തകർ,സാമൂഹ്യ പ്രവർത്തകർ, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ് .ആയതിനു ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് ശിശുവികസന പദ്ധതി ഓഫീസർമാർ നൽകേണ്ടതാണ് .

ഗാന്ധി ജയന്തി/ICDS ദിനാചരണം സംഘടിപ്പിച്ചതിന് ശേഷം ആയതിൻറെ ക്രോഡീകരിച്ച റിപ്പോർട്ട്

എല്ലാ പ്രോഗ്രാം ഓഫീസർമാരും ഒക്ടോബർ 15 തീയതിക്കകം wcdicdsb2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് .

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ
പ്രോഗ്രാം ഓഫീസർമാർക്കും ,
ശിശു വികസന പദ്ധതി ഓഫീസർമാർക്കും